എയ്ഡഡ് സ്വാശ്രയ കോളേജുകളിൽ ആരംഭിച്ച കോഴ്സുകൾക്ക് അംഗീകാരം കൊടുക്കുന്നതിലെ കാലതാമസം

140 [739] ശ്രീ. എൻ. ഡി. അപ്പച്ചൻ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. എം. പി. ഗംഗാധരൻ :

,, ഇ. എം. അഗസ്തി :

,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ കീഴിലുള്ള എയ്ഡഡ് കോളേജുകളും സ്വാശ്രയ കോളേജുകളും ആരംഭിച്ചിട്ടുള്ള എത്ര കോഴ്സുകൾക്ക് 31-12-2004-ലെ കണക്കനുസരിച്ച് അംഗീകാരം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ബന്ധപ്പെട്ട കോളേജുകൾ പ്രസ്തുത കോഴ്സുകൾ ആരംഭിച്ചതെന്നാണെന്ന് വിശദമാക്കാമോ ;

(സി) ഈ കോഴ്സുകൾക്ക് അംഗീകാരം കൊടുക്കുന്നതിൽ വരുന്ന കാലതാമസത്തിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗവൺമെന്റ് അംഗീകാരം നൽകിയ എല്ലാ കോഴ്സുകൾക്കും കൊച്ചി, കണ്ണൂർ, കോഴിക്കോട്, എം. ജി. സർവ്വകലാശാലകൾ അംഗീകാരം നൽകിയിട്ടുണ്ട്. കേരള സർവ്വകലാശാലയുടെ കീഴിലുള്ള 6 കോളേജുകൾ ആരംഭിച്ചിട്ടുള്ള കോഴ്സുകൾക്ക് അംഗീകാരം നൽകാനുണ്ട്. അവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) കൊച്ചി, കോഴിക്കോട്, കണ്ണൂർ, എം.ജി സർവ്വകലാശാലകളിൽ 2004-05 വർഷം കോഴ്സുകൾ യഥാസമയം ആരംഭിച്ചിട്ടുണ്ടെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിലെ ചില സ്ഥാപനങ്ങൾക്ക് 2004-2005 വർഷം ക്ലാസ്സുകൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഇവയ്ക്ക് 2005-2006 വർഷം കോഴ്സ് നടത്താൻ അനുവാദം നൽകിയിട്ടുണ്ട്.

(സി) കൊച്ചി, കോഴിക്കോട്, കണ്ണൂർ, എം.ജി. സർവ്വകലാശാലകൾ കാലതാമസം വരുത്തിയിട്ടില്ല. സർവ്വകലാശാലയുടെ നിബന്ധനകൾ യഥാവിധി പാലിക്കാത്തതാണ് അംഗീകാരം നൽകുന്നതിനുള്ള കാലതാമസത്തിന് കാരണമെന്ന് കേരള സർവ്വകലാശാല അറിയിച്ചു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly